കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം- ഹയർ ഗ്രേഡ് ഡി.വൈ.എസ്.പി.മാരെ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത രീതിയിൽ അഡീഷണൽ എസ്.പി. ആയി പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (എ) വകുപ്പ്

**സ.ഉ.(കൈ) നം.149/2018/ആഭ്യന്തരം** തീയതി,തിരുവനന്തപുരം, 28/09/2018

---

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 7/7/2017-ലെ എ3-58501/2017/പി.എച്ച്.ക്യൂ നമ്പർ കത്ത്

2)കേരള പോലീസ് ഓഫീസേർസ് അസോസിയേഷന്റെ 1/2017 തീയതിയായുള്ള നിവേദനം

ഉത്തരവ്

സംസ്ഥാന പോലീസ് മേധാവി പരാമർശം 1 പ്രകാരം സമർപ്പിച്ച ശുപാർശയിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ അഡീഷണൽ എസ്.പി. തസ്തിക രൂപീകരിക്കപ്പെട്ടിട്ടുള്ളതാണെന്നും, ആയത് പ്രകാരം ഡി.വൈ.എസ്.പി.ക്ക് അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്സായും തുടർന്ന് സൂപ്രണ്ട് ഓഫ് പോലീസ്സായും സ്ഥാനക്കയറ്റം നൽകുന്ന സംവിധാനമാണ് നിലവിലുള്ളതെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരത്തിൽ, ഭരണ വിഭാഗം, ക്രമസമാധാന പരിപാലനം എന്നീ രണ്ടു വിഭാഗങ്ങളിലായി മറ്റ് സംസ്ഥാനങ്ങളിൽ രണ്ട് അഡീഷണൽ എസ്.പി. തസ്തികകൾ ഒരു പോലീസ് ജില്ലയിൽ നിലവിലുണ്ടെന്നും, എസ്.പി (ഐ.പി.എസ്. ) യുടെ അഭാവത്തിൽ അഡീഷണൽ എസ്.പി.മാർ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിച്ചുവരുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരളത്തിൽ പ്രസ്തുത സംവിധാനം നിലവിലില്ല. ആയതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന രീതിയുമായി ഐക്യരൂപം കൈവരിക്കുന്നതിനും ടി സംവിധാനത്തിന്റെ ഗുണഫലങ്ങൾ ഈ സംസ്ഥാനത്തിനും അനുഭവവേദ്യമാക്കുന്നതിനുമായി ഏറ്റവും സീനിയറായ ഡി.വൈ.എസ്.പി.മാരെ അഡീഷണൽ എസ്.പി.യായി പുനർ

നാമകരണം ചെയ്യണമെന്നും പരാമർശ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിരിക്കുന്നു.

2) കേരള സംസ്ഥാനത്തിൽ നിലവിലുള്ള ഡി.വൈ.എസ്.പി.മാരുടെ അംഗബലം 281 ആണ്. പ്രസ്തുത 281 ഡി.വൈ.എസ്.പി.മാരിൽ 25% അതായത് 70 പേർ ഹയർ ഗ്രേഡ് ഡി.വൈ.എസ്.പി.മാരാണ്. നിലവിൽ ശുപാർശ ചെയ്തിരിക്കുന്ന പുനർനാമകരണ പ്രകാരം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല. അഡീഷണൽ എസ്.പി.മാരെ പോലീസ് ജില്ലയിൽ വിന്യസിച്ച് ഭരണ ചുമതല ഏൽപ്പിക്കുന്നതിലൂടെ ഭരണപരമായ നേട്ടം കൈവരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ സൂപ്രണ്ട് ഓഫ് പോലീസ് (ഐ.പി.എസ്.) യുടെ അഭാവത്തിൽ പ്രസ്തുത ചുമതലകൾ അഡീഷണൽ എസ്.പി.മാർ നിർവ്വഹിക്കുന്നതാണ്. പ്രസ്തുത വ്യവസ്ഥ പോലീസ് സ്റ്റേഷനുകളിൽ പുതുതായി രൂപീകരിച്ച എസ്.എച്ച്.ഒ. സമ്പ്രദായത്തിന് സമാനമായ രീതിയിലുള്ളതാണ്. കൂടാതെ അയൽ സംസ്ഥാനങ്ങളിലും പ്രസ്തുത വ്യവസ്ഥ തന്നെയാണ് തുടർന്ന് വരുന്നത് എന്ന് കണ്ടെത്തുകയുണ്ടായി.

3) സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവുള്ള 17 ഡി.വൈ.എസ്.പി.(ഭരണവിഭാഗം) തസ്തികകൾ അഡീഷണൽ എസ്.പി. എന്ന പേരിൽ പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഏറ്റവും സീനിയറായ ഹയർ ഗ്രേഡ് ഡി.വൈ.എസ്.പി., അഡീഷണൽ എസ്.പി. തസ്തിക വഹിക്കുന്നതാണ്.

2) അഡീഷണൽ എസ്.പി. തസ്തിക പ്രൊമോഷൻ തസ്തികയായിരിക്കില്ല.

3) പ്രസ്തുത ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ യാതൊരു വിധ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുബ്രത ബിശ്വാസ്**
**അഡീഷണല് ചീഫ് സെക്രട്ടറി**

പകർപ്പ്:
സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ആഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (27/09/2018-ലെ ഇനം നമ്പർ 2498)

പൊതുഭരണ (സ്പെഷ്യൽ -സി) വകുപ്പ്

ആഭ്യന്തര (എച്ച്) വകുപ്പ്

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)

ധനകാര്യ വകുപ്പ് (24/07/2018 തീയതിയിലെ EXP-A3/79/2018-FIN നമ്പർ കുറിപ്പ്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by Bini V V
Date: 2018.09.29 09:56:06 IST
Reason: Approved

**POLICE DEPARTMENT**

**KERALA**

**Endt No S1(a)-65534/2018/PHQ Dated. 01-10-2018**

**GO (Ms) No. 149/2018/Home Dtd 28/09/18 പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിലുള്ള 17 ഡി.വൈ.എസ്.പി. (ഭരണവിഭാഗം ) തസ്തികകൾ അഡീഷണൽ എസ്.പി. എന്ന പേരിൽ പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.**

**(1) ഏറ്റവും സീനിയറായ ഹയർ ഗ്രേഡ് ഡി.വൈ.എസ്.പി., അഡീഷണൽ എസ്.പി തസ്തിക വഹിക്കുന്നതാണ്.**

**(2) അഡീഷണൽ എസ്.പി തസ്തിക പ്രൊമോഷൻ തസ്തികയായിരിക്കില്ല.**

**(3) പ്രസ്തുത ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ യാതൊരുവിധ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിക്കുന്നതല്ല.**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**സ്വീകർത്താവ്:** (1) ലിസ്റ്റ് B-യിലെ എല്ലാ ഓഫീസർമാർക്കും. (2) CA to DGP & SPC / പി.എച്ച്.ക്യൂ.വിലെ എല്ലാ സ്റ്റാഫ് ഓഫീസർമാരുടെ സി.എ.മാർക്കും. (3) പി.എച്ച്.ക്യൂ.വിലെ മാനേജർ, സീനിയർ സൂപ്രണ്ടുമാർ, ജൂനിയർ സൂപ്രണ്ടുമാർ, സീറ്റ് ക്ലർക്കുമാർക്കും

Suresh G Krishnan
Junior Superintendent
For State Police Chief
Police Headquarters, Thiruvananthapuram
phq.pol@kerala.gov.in
04712721547

POLICE DEPARTMENT

KERALA

**Endt No G2-19542/2018/ID Dated. 05-10-2018**

Copy of PHQ endorsement regarding the renaming of DySP (Administration) to Addl.Supdt.of Police vide GO (Ms) No. 149/2018/Home Dated 28/09/18 is communicated to all Officers for infromation. A copy of GO (Ms) No. 149/2018/Home Dated 28/09/18 is also enclosed.

Krishnan B
Junior Superintendent
For District Police Chief
District Police Office, Idukki
spidk.pol@kerala.gov.in
04862232354